**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4776 — 19/05/2017 -ൽ മറുപടിയ്ക്ക്.

## ക്ഷീരഗ്രാമം പദ്ധതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |

**ഉത്തരം**

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷീരഗ്രാമം പദ്ധതിയിലേയ്ക്ക് എത്ര പഞ്ചായത്തുകളെ ഉൾപ്പെടുത്തുകയുണ്ടായി;ഏതെല്ലാം; | (എ) ക്ഷീരഗ്രാമം പദ്ധതിയിൽ 2016-2017 ൽ മൂന്ന് ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയുണ്ടായി.<br>കൊല്ലം ജില്ലയിലെ ഏരൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ വെള്ളാങ്കല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ 2016-2017 ൽ ഉൾപ്പെടുത്തിയത്. |
| (ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര പഞ്ചായത്തുകളെ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിയുമെന്നാണ് കരുതുന്നത്; ടി ഗ്രാമപഞ്ചായത്തുകളുടെ മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;<br>(സി) എങ്കിൽ പ്രസ്തുത മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ? | (ബി) & (സി) 2017-2018 ൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് 5 പഞ്ചായത്തുകളെ തിരഞ്ഞെടുത്തിട്ടുണ്ട്.<br>തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ, ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി, തൃശ്ശൂർ ജില്ലയിലെ ചാഴൂർ, പാലക്കാട് ജില്ലയിലെ പറളി എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് 2017-2018 ൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ